1634/അഡ്വൈസ് സി 3/99/പി ആന്റ് എ ആർ ഡി സർക്കുലറിലും ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

10 (*403) മായംചേർത്ത വസ്തുക്കളുടെ വിപണനം തടയാൻ നടപടി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന് 98-99-ൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) മായം ചേർത്ത വെളിച്ചെണ്ണ സംസ്ഥാന വിപണിയിൽ വ്യാപകമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മായം ചേർത്ത വെളിച്ചെണ്ണ തടയാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) വെളിച്ചെണ്ണയേക്കാൾ വില കുറഞ്ഞ പാമോയിൽ ചേർത്താണ് വിപണനം വ്യാപകമാക്കിയിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വ്യാജ വെളിച്ചെണ്ണ വ്യാപകമായതോടെ സംസ്ഥാനത്തെ ചെറുകിട മില്ലുടമകൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സംസ്ഥാനത്ത് മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) മായം ചേർക്കൽ തടയുന്നതിന് ഹോട്ടലുകളിലും കടകളിലും പരിശോധന നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുമോ;

(ഐ) ഹോട്ടലുകളിൽ പഴകിയ ആഹാര പദാർത്ഥങ്ങൾ വിൽക്കുന്ന കച്ചവടക്കാർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; കർശനമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ആഹാരസാധനങ്ങളിൽ മായംചേർക്കൽ തടയുന്നതിനായി മായംചേർക്കൽ നിരോധന നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 82 ഫുഡ് ഇൻസ്പെക്ടർമാർ ഉൾപ്പെട്ടതാണ് മായം ചേർക്കൽ നിരോധന വിഭാഗം. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സർക്കിൾ ഫുഡ് ഇൻസ്പെക്ടർ ആഫീസ്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ ഉള്ള ഫുഡ് ഇൻസ്പെക്ടർ ഓഫീസ്, മൂന്ന് റീജിയണിലായി പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡ്, ജില്ലാ ഫുഡ് ഇൻസ്പെക്ടർ ആഫീസ് കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴി

LIBRARY ARCHIVES Kerala Legislative Assembly

ക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിവ ഉൾപ്പെട്ട സ്ഥാപനങ്ങളാണ് മായം ചേർക്കൽ നിരോധന നിയമം നടപ്പിലാക്കാനായി പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർ അതാത് പ്രദേശത്തെ ഭക്ഷ്യ വസ്തുക്കളുടെ സാമ്പിൾ നിയമാനുസരണം ശേഖരിച്ച് അനലിറ്റിക്കൽ ലബോറട്ടറികളിൽ അയയ്ക്കുന്നു. പ്രസ്തുത സാമ്പിളുകളിൽ മായം ചേർന്നതായി കാണുന്നപക്ഷം വിൽപ്പനക്കാരൻ, ഉൽപ്പാദകൻ എന്നിവർക്കെതിരെ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ കേസ്സ് ചാർജ്ജ് ചെയ്യുന്നതുമാണ്.

(ബി) 1998-99 കാലയളവിൽ മായംചേർക്കൽ നിരോധനനിയമം അനുസരിച്ച് 250 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ഇല്ല.

(ഡി) മായംചേർത്ത വെളിച്ചെണ്ണ വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ജാഗ്രത പാലിക്കേണ്ടതാണെന്ന് ലോക്കൽ ഹെൽത്ത് അതോറിറ്റിമാർക്കും ഫുഡ് ഇൻസ്പെക്ടർമാർക്കും ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ)&(എഫ്) ഇല്ല.

(ജി) മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നത് തടയുന്നതിനായി സംസ്ഥാനത്തെ മായംചേർക്കൽ നിരോധന വിഭാഗം ഊർജ്ജിതമായി പ്രവർത്തിക്കുന്നുണ്ട്.

(എച്ച്) സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർ ഹോട്ടലുകൾ ഉൾപ്പെടെ ഭക്ഷ്യവസ്തുക്കൾ വിപണനം നടത്തുന്ന സ്ഥാപനങ്ങൾ പരിശോധന നടത്തി മായം ചേർക്കൽ നിരോധന നിയമപ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഐ) മായംചേർക്കൽ നിരോധനനിയമപ്രകാരം അതാത് പ്രദേശത്തെ ലോക്കൽ ഹെൽത്ത് അതോറിറ്റിമാർക്ക് പഴകിയതും ചീഞ്ഞതുമായ ആഹാര സാധനങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കുന്നതിനുള്ള അധികാരം ഉപയോഗിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. പഴകിയ ആഹാരസാധനങ്ങൾ വിൽക്കുന്ന കച്ചവടക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

11 (*404) തുറമുഖ വികസന പദ്ധതി

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര തുറമുഖ വികസന പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയിൻകീഴിൽ ഈ തുറമുഖങ്ങൾക്ക് എന്തെല്ലാം വികസനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly